# ഒരു കിളി ജീവിതം

## അതിജീവനവും ജീവചക്രവും കളിയിലൂടെ

വായിക്കുവാനറിയുന്ന കുട്ടികൾക്കും മുതിർന്നവർക്കും ഈ കളിയിൽ പങ്കെടുക്കാം. ഇത് പക്ഷികൾ അവരുടെ ഒരു വർഷത്തെ ജീവിതത്തിൽ നേരിടുന്ന പ്രകൃതിദത്തവും മനുഷ്യ നിർമ്മിതവുമായ വെല്ലുവിളികളെ പരിചയപ്പെടുത്തുന്നു.

അഞ്ചു കാർഡുകൾ വീതമുള്ള ആറ് റൗണ്ടുകളായാണ് കളി. ഓരോ റൗണ്ടും പക്ഷികളുടെ ഓരോ ജീവിത ഘട്ടമാണ്

റൗണ്ട് 1



ദേശാടനം

റൗണ്ട് 2



പ്രജനന സ്ഥാനം കണ്ടെത്തി സംരക്ഷിക്കുക

റൗണ്ട് 3




ഇണയെക്കണ്ടെത്തുക

റൗണ്ട് 4



കൂടൊരുക്കൽ

റൗണ്ട് 5



അടയിരിക്കൽ

റൗണ്ട് 6



കുഞ്ഞുങ്ങളെ തീറ്റിപ്പോറ്റൽ

പക്ഷികളെയും പ്രകൃതിയെയും കുട്ടികൾക്ക് പരിചയപ്പെടുത്താനായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംരംഭത്തിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ടത്.

ഞങ്ങളുടെ ഉല്പ്പന്നങ്ങളെപ്പറ്റി കൂടുതൽ അറിയുവാനും വാങ്ങുവാനുമായി സന്ദർശിക്കുക: www.early-bird.in

nature conservation foundation

early bird

ROHINI NILEKANI philanthropies

## തയ്യാറെടുപ്പ്

- ഒന്നോ അതിലധികമോ ആൾക്കാരുള്ള നാല് ടീമായി കളിക്കുന്നതാണ് ഏറ്റവും രസം.
- 3 - 12 വരെയുള്ള ഷീറ്റുകൾ കളർ പ്രിൻറ് ചെയ്ത് (പേപ്പറിൻറെ ഇരു വശവും) 30 കാർഡുകളായി വെട്ടിയെടുക്കുക.
- ഓരോ കാർഡിന്റെയും പുറകു വശത്ത് ഒരു നമ്പർ രേഖപ്പെടുത്തിയിരിക്കുന്നു. ആ നമ്പർ റൗണ്ടിലാണ് ആ കാർഡ് ഉപയോഗിക്കേണ്ടത്. അതാത് റൗണ്ടിലെ കാർഡുകൾ ഒന്നിച്ചടുക്കി വയ്ക്കുക. ആറു റൗണ്ടുകൾ ഉണ്ടാകും.
- ഓരോ റൗണ്ടിലെയും കാർഡുകൾ "കശക്കി" ക്രമം തെറ്റിച്ചു റൌണ്ട് നമ്പർ കാണാവുന്ന വിധത്തിൽ കമഴ്ത്തി അടുക്കി വയ്ക്കുക.



## കളിയുടെ രീതി

- ഓരോ ടീമും അകലം പാലിച്ചു നിൽക്കുക. ടീമിൻറെ പേരായി ഒരു പക്ഷിയുടെ പേര് തിരഞ്ഞെടുക്കാം.
- ഓരോ ടീമിൽ നിന്നും ഒരാൾ മുന്നോട്ട് വന്ന് ഓട്ടമത്സരത്തിന് എന്ന പോലെ നിലയുറപ്പിക്കുക.
- ഒന്നാം റൗണ്ടിലെയും ഓരോ കാർഡ് വീതം ഓരോ ടീമും എടുക്കുക.
- കാർഡിലെ നിർദേശം ടീം അംഗങ്ങൾ ഉറക്കെ വായിച്ചു കേൾപ്പിക്കുമ്പോൾ അതേ ടീമിൽ കളിക്ക് തയ്യാറായി നിൽക്കുന്ന സുഹൃത്ത് നിർദ്ദേശപ്രകാരം പെരുമാറുക. (ഉദാ: മുന്നോട്ട് ചാടുക, പിന്നോട്ട് നടക്കുക)
- ഒരു ടീമിന് ഒരു റൗണ്ടിൽ ഒരു കാർഡ് മാത്രമേ എടുക്കാനാകൂ. എല്ലാ ടീമിന്റെയും ഊഴം കഴിയുമ്പോൾ റൌണ്ട് അവസാനിക്കുന്നു.



## വിജയിയെ തീരുമാനിക്കാൻ

- ആറു റൗണ്ടും കഴിയുമ്പോൾ ഏറ്റവും മുന്നിൽ എത്തിയ ആളുടെ ടീമാണ് വിജയി.
- നിർദ്ദേശങ്ങൾ അനുസരിക്കാനായി ടീമിലെ അടുത്ത അംഗം മുന്നോട്ടു വന്ന് കളി ആദ്യം മുതലേ തുടങ്ങാവുന്നതാണ്

---

വര: സ്മിത കൌശിക്
കോർണെൽ ലാബിന്റെ bird sleuth - ൽ നിന്നു പ്രേരണയുൾക്കൊണ്ട്
വിവർത്തനം: രതീഷ് ആർ എൽ

## ദേശാടനം

1

മഞ്ഞുകാലത്തെ സ്ഥിരം സങ്കേതമായിരുന്ന നിങ്ങളുടെ കായൽ നികത്തി കെട്ടിടം പണിഞ്ഞിരിക്കുന്നു

**2 ചുവടു പിന്നോട്ട് വയ്ക്കുക**



## ദേശാടനം

1

നിങ്ങളെല്ലാരും വിജയകരമായി ഒരു ഗ്രാമത്തിൽ എത്തിയിരിക്കുന്നു. നിങ്ങളുടെ ചേക്കേറൽ സ്ഥലം ഗ്രാമീണരുടെ സംരക്ഷണത്തിലാണ്

**2 ചുവടു മുന്നോട്ട് ചാടുക**



1




## ദേശാടനം

നിങ്ങളുടെ സഞ്ചാരപാതയിൽ നടപ്പാക്കിയ ഒരു പരിപാടിയുടെ ഫലമായി അവിടെയുള്ളവർ പക്ഷിവേട്ട അവസാനിപ്പിച്ചു.

**ഒരു ചുവടു മുന്നോട്ട് വയ്ക്കുക**

1





## ദേശാടനം

ഭയങ്കരമായ കാറ്റു മൂലം നിങ്ങൾക്ക് വഴിതെറ്റി. കൂടുകാരെ കാണുന്നില്ല.

**ഒരു ചുവടു പിന്നോട്ട് ചാടുക**

## ദേശാടനം

1

വിശന്നും ക്ഷീണിച്ചുമാണ് മഞ്ഞുകാല സങ്കേതത്തിൽ എത്തിയത്. പക്ഷേ ഇവിടെ ആവശ്യത്തിന് ഭക്ഷണമുണ്ട്

**അവിടെതന്നെ നിൽക്കുക**



## സ്വന്തം പ്രജനന സ്ഥാനം കണ്ടെത്തി സംരക്ഷിക്കുക

2

നിങ്ങളുടെ പ്രിയപ്പെട്ട മരം മുറിച്ച് റോഡിന് വീതി കൂട്ടിയിരിക്കുന്നു

**ഒരുച്ചുവട് പിന്നോട്ട് സ്ലോ മോഷനിൽ**



റൗണ്ട് 1

early bird

early-bird.in

റൗണ്ട് 1

early bird

early-bird.in

റൗണ്ട് 1

early bird

early-bird.in

റൗണ്ട് 1

early bird

early-bird.in

റൗണ്ട് 1

early bird

early-bird.in

റൗണ്ട് 2

early bird

early-bird.in

## പ്രജനന സ്ഥാനം കണ്ടെത്തി സംരക്ഷിക്കുക

2





ഒരു വലിയ ദേശോദ്യാനത്തിൽ വിശാലമായ ഒരു സ്ഥലം പിടിച്ചു

**മുറിക്ക് ചുറ്റും പറന്ന ശേഷം രണ്ടു ചുവടു മുന്നോട്ട്**

## പ്രജനന സ്ഥാനം കണ്ടെത്തി സംരക്ഷിക്കുക

2



അടുത്തുള്ള സ്കൂൾ കുട്ടികൾ ചേർന്ന് പക്ഷികൾക്കായി നല്ല ഒരു ആവാസവ്യവസ്ഥ ഉണ്ടാക്കി, കൂടുകൂട്ടാൻ സ്ഥലവും ഒരുക്കിയിരിക്കുന്നു

**ഒരു ചുവടു മുന്നോട്ട് വയ്ക്കാം**

## പ്രജനന സ്ഥാനം കണ്ടെത്തി സംരക്ഷിക്കുക

2



നഗരമദ്ധ്യത്തുള്ള പച്ചത്തുരുത്ത് അങ്ങനെ തന്നെയുണ്ട്. പക്ഷേ ചുറ്റുമുള്ള മലിനീകരണവും വണ്ടികളുടെ ശബ്ദവും കൂടിക്കൂടി വരുന്നു

**അവിടെ തന്നെ നിൽക്കുക**

## പ്രജനന സ്ഥാനം കണ്ടെത്തി സംരക്ഷിക്കുക

2

കഴിഞ്ഞ വർഷം കൂടുണ്ടാക്കിയ കാട് പലതായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ചുറ്റും ഇരപിടിയൻമാരാണ്

**രണ്ടു ചുവടു പിന്നോട്ട്**

## ഇണയെ കണ്ടെത്തുക

3

ഒരു പിടയെ നിങ്ങൾ ആകർഷിക്കാൻ ശ്രമിക്കുകയാണ്. പക്ഷെ വേറെ ഒരു പൂവനും അവളെ തന്നെയാണ് നോട്ടം

**അവിടെ തന്നെ നിൽക്കുക നന്നായി പാടുകയും ഡാൻസ് ചെയ്യുകയും ചെയ്യുക**



## ഇണയെ കണ്ടെത്തുക

3

സുദീർഘമായ പരിശ്രമത്തിന് ശേഷം ഒരിണയെ കിട്ടിയിരിക്കുന്നു

**നൃത്തം ചെയ്തുകൊണ്ട് 2 ചുവടു മുന്നോട്ട് പോകാം**



റൗണ്ട് 2

early bird

early-bird.in

റൗണ്ട് 2

early bird

early-bird.in

റൗണ്ട് 2

early bird

early-bird.in

റൗണ്ട് 2

early bird

early-bird.in

റൗണ്ട് 3

early bird

early-bird.in

റൗണ്ട് 3

early bird

early-bird.in

3

## ഇണയെ കണ്ടെത്തുക

മരക്കോമ്പിൽ ഇരിക്കുമ്പോൾ എങ്ങുനിന്നോ വന്ന ഒരു പരുന്ത് നിങ്ങളുടെ ഇണയെ കൊത്തിക്കൊണ്ട് പോയി

**രണ്ടു ചുവടു പിന്നോട്ട് തത്തുക**



3

## ഇണയെ കണ്ടെത്തുക

എല്ലാ ശ്രമവും പരാജയപ്പെട്ടു. ഇണയേ കണ്ടെത്താനായില്ല

**ഒരു ചുവട് പിന്നോട്ട്**



3



## ഇണയെ കണ്ടെത്തുക

ഇണയ്ക്ക് സമ്മാനമായി നിങ്ങൾ കൊടുത്ത പഴം ഇണ സ്വീകരിച്ചു

**സന്തോഷത്തോടെ നൃത്തം ചെയ്ത് ഒരു ചുവട് മുന്നോട്ട്**

4



## കൂടൊരുക്കൽ

ഉണ്ടാക്കിയ കൂട്ടിൽ ഒരു പുള്ളിക്കുയിൽ മുട്ടയിട്ടു

**ഒരു ചുവട് പിന്നോട്ട്**

4

## കൂടൊരുക്കൽ



നിങ്ങളും ഇണയും കൂടി കൂടൊരുക്കാൻ പറ്റിയ ഒരു മരപ്പൊത്ത് കണ്ടെത്തി. കൂടിൻറെ പണി തുടങ്ങി

**രണ്ടു ചുവട് മുന്നോട്ട് ചാടുക**

4

## കൂടൊരുക്കൽ

കൂടിനായി നിങ്ങൾ കണ്ടെത്തിയ മരപ്പൊത്ത് മോതിര തത്തകൾ കയ്യേറി

**രണ്ടു ചുവട് പിന്നോട്ട് ചാടുക**



റൗണ്ട് 3

early bird
early-bird.in

फेरी क्र. ३

early bird
early-bird.in

റൗണ്ട് 3

early bird
early-bird.in

റൗണ്ട് 4

early bird
early-bird.in

റൗണ്ട് 4

early bird
early-bird.in

റൗണ്ട് 4

early bird
early-bird.in

4

## കൂടൊരുക്കൽ

നിങ്ങളുടെ കൂട്ടിൽ പാമ്പുകയറി മുട്ടകളെല്ലാം തിന്നു. ഇതോടെ നിങ്ങൾ കളിക്ക് പുറത്ത്!

**തിരിച്ചു സീറ്റിലേക്ക് പോവുക**



4



## കൂടൊരുക്കൽ

ശ്ശോ .... ഉണ്ടാക്കിയ കൂടിനകം വല്ലാതെ പരുപരുത്തതാണ്... കുറച്ചു പഞ്ഞിയോ മറ്റോ സംഘടിപ്പിക്കണം...

**അവിടെ തന്നെ നിൽക്കുക**

5




## അടയിരിക്കൽ

നിങ്ങൾക്കും ഇണയ്ക്കും ആവശ്യത്തിനു ഭക്ഷണം കിട്ടുന്നുണ്ട്. രണ്ടുപേരും മാറി മാറി അടയിരിക്കുന്നു

**മുറിക്ക് ചുറ്റും പറന്ന് രണ്ടു ചുവട് മുന്നോട്ട്**

5



## അടയിരിക്കൽ

പേമാരിയിൽ നിങ്ങളുടെ മരത്തിന് മിന്നലടിച്ചു. നിങ്ങളുടെ കളി കഴിഞ്ഞിരിക്കുന്നു

**തിരികെ സീറ്റിലേക്ക്**

5

## അടയിരിക്കൽ

കൂട്ടിൽ കനത്ത മണ്ഡരി (ഒരു ചെറുപ്രാണി) ബാധ... കൂട് വൃത്തിയാക്കാനായി കടുത്ത പരിശ്രമം

**കൂട് വൃത്തിയാക്കാനായി അവിടെ തന്നെ നിൽക്കുക**



5



## അടയിരിക്കൽ

ചൂട് കൂടുന്നു. ഇണയോടൊപ്പം ചൂട് നിയന്ത്രിക്കാൻ എന്തെങ്കിലും ചെയ്യണം

**കൂട് തണുപ്പിക്കാൻ ചിറകും വിരിച്ച് അവിടെ തന്നെ നിൽക്കുക**

റൌണ്ട് 4

early bird

early-bird.in

റൌണ്ട് 4

early bird

early-bird.in

റൌണ്ട് 5

early bird

early-bird.in

റൌണ്ട് 5

early bird

early-bird.in

റൌണ്ട് 5

early bird

early-bird.in

റൌണ്ട് 5

early bird

early-bird.in

5

## അടയിരിക്കൽ




കൂട്ടിനടുത്ത് ആരോ കീടനാശിനി തളിച്ചു. നിങ്ങൾക്ക് അസുഖം വന്നു.

**ഉറക്കെ ചുമച്ചുകൊണ്ട് ഒരു ചുവടു പിന്നോട്ട്**

6



## കുഞ്ഞുങ്ങളെ തീറ്റിപ്പോറ്റൽ

ഇപ്രാവശ്യത്തെ ഒരു മുട്ടയും വിരിഞ്ഞില്ല കളി കഴിഞ്ഞു.

**സീറ്റിലേക്ക് തിരികെ പോകാം**

## കുഞ്ഞുങ്ങളെ തീറ്റിപ്പോറ്റൽ

6

ഭക്ഷണവുമായി തിരികെ വന്നപ്പോൾ കൂട്ടിനടുത്ത് ഒരു കീരി. കൃത്യ സമയത്ത് എത്തിയതുകൊണ്ട് അതിനെ ഓടിച്ചു വിടാൻ പറ്റി.

**പേടിപ്പിക്കുന്ന മുഖവും കാണിച്ച് അവിടെ തന്നെ നിൽക്കുക**






## കുഞ്ഞുങ്ങളെ തീറ്റിപ്പോറ്റൽ

6

എല്ലാ മുട്ടയും വിരിഞ്ഞു! എല്ലാ കുട്ടികൾക്കും തീറ്റ കൊടുക്കാൻ നിങ്ങൾക്കും ഇണക്കും സാധിച്ചു!

**നൃത്തം ചെയ്തുകൊണ്ട് രണ്ടു ചുവട് മുന്നോട്ട്**



6

## കുഞ്ഞുങ്ങളെ തീറ്റിപ്പോറ്റൽ

കുട്ടികൾ എല്ലാം പറന്നു! ഇനി വിശ്രമം, തീറ്റ തേടൽ, ഇനിയും ദൂരേക്ക് പറക്കൽ.

**ഒരു ചുവട് മുന്നോട്ട് വച്ച് ആഘോഷ നൃത്തം ചെയ്യുക**

6

## കുഞ്ഞുങ്ങളെ തീറ്റിപ്പോറ്റൽ

മുട്ട വിരിഞ്ഞു, പക്ഷെ ഭീമാകാരനായ കുഞ്ഞിന് ഇപ്പോഴും വിശപ്പ് തന്നെ...

**അവിടെ തന്നെ നിന്ന് ഇര തേടുക**



റൗണ്ട് 5

early-bird.in

റൗണ്ട് 6

early-bird.in

റൗണ്ട് 6

early-bird.in

റൗണ്ട് 6

early-bird.in

റൗണ്ട് 6

early-bird.in

റൗണ്ട് 6

early-bird.in